പോസ്റ്റൽ ബാലറ്റുകൾ ലഭിക്കാറില്ലെന്ന പരാതി

5 (938) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന സായുധ ബെറ്റാലിയനുകളിലെ പോലീസുകാർക്ക് പോസ്റ്റർ ബാലറ്റുകൾ കൃത്യമായി ലഭിക്കാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ്കാരിൽ നിന്നും അനുമതി പത്രം ഭീഷണിപ്പെടുത്തി ഒപ്പിട്ടുവാങ്ങി ബാലറ്റുകൾ ഒന്നായി വാങ്ങി കൊണ്ടുപോകുന്നതായ പരാതി ഉള്ളതായി അറിയാമോ ;

(സി) പോസ്റ്റൽ ബാലറ്റുകൾ കൃത്യമായി പോലീസുകാർക്ക് നൽകാൻ സായുധസേന ക്യാമ്പിൽ ചുമതലയുള്ളത് ഏത് റാങ്കിൽ ഉള്ള ഉദ്യോഗസ്ഥനാണെന്നു വ്യക്തമാക്കാമോ ;

(ഡി) പോലീസുകാരെ ഭീഷണിപ്പെടുത്തി ആതറൈസേഷൻ വാങ്ങാനോ ബാലറ്റ് കൃത്യമായി നൽകാതിരിക്കാനോ ഇടയായാൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല

(സി) അതാത് കമ്പനി കമാണ്ടർമാർ (ആംഡ്പോലീസ് ഇൻസ്പെക്ടർ) മുഖേനയാണ് ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന പോലീസുകാർക്ക് പോസ്റ്റൽ ബാലറ്റുകൾ വിതരണം ചെയ്യുന്നത്.

(ഡി) അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനപടികൾ സ്വീകരിക്കുന്നതായിരിക്കും.

സംസ്ഥാന ജീവനക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ

6 (939) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി എന്തു തുകയാണ് ചെലവായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഇതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഇ) ജീവനക്കാരുടെ മറ്റ് ആവശ്യങ്ങൾ എന്തൊക്കെയാണ് അനുവദിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ താഴെപ്പറയുന്നു.

1. കഴിഞ്ഞ സർക്കാർ പുനഃസ്ഥാപിച്ച ഡയസ്നോൺ റദ്ദാക്കി.

2. സംസ്ഥാന ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ അവരുടെ പേരിൽ ബാദ്ധ്യതയുള്ള രണ്ടു ലക്ഷംരൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

3. ജോലിയ്ക്കിടയിൽ അക്രമസംഭവങ്ങളിലോ അല്ലാതെയോ മരണം സംഭവിച്ചാൽ ജീവനക്കാരന്റെ ആശ്രിതർക്ക് ഒന്നര ലക്ഷംരൂപവരെയും ജോലിയ്ക്കിടയിൽ അപകടങ്ങളിൽപ്പെട്ട് അംഗഭംഗം സംഭവിച്ചാൽ അൻപതിനായിരം രൂപ വരെയും എക്സ് ഗ്രേഷ്യാ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.

4. ചികിത്സയ്ക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതി ഉദാരമാക്കി. സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്കും റീ ഇമ്പേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തി.

5. ഭവന നിർമ്മാണ വായ്പ ഒന്നേകാൽ ലക്ഷത്തിൽ നിന്നും മൂന്നേ മുക്കാൽ ലക്ഷമാക്കി വർദ്ധിപ്പിച്ചു. അഡീഷണൽ ലോൺ 30,000 രൂപയിൽ നിന്നും ഒന്നേകാൽ ലക്ഷമായും എക്സ്റ്റൻഷൻ/ മെയിന്റനൻസ് വായ്പ ഒരു ലക്ഷമായും വർദ്ധിപ്പിച്ചു.

6. മോട്ടോർ കാർ വാങ്ങുന്നതിനുള്ള വായ്പ 80,000 രൂപയിൽ നിന്നും ഒരു ലക്ഷത്തി എൺപതിനായിരം രൂപയായി വർദ്ധിപ്പിച്ചു.

7. സ്കൂട്ടർ വാങ്ങുന്നതിനുള്ള വായ്പ 20,000 രൂപയായും മോട്ടോർ സൈക്കിൾ വാങ്ങുന്നതിനുള്ള വായ്പ 30,000 രൂപയായും വർദ്ധിപ്പിച്ചു.

8. പാർട്ട്ടൈം ജീവനക്കാർക്ക് പെൻഷനും ഫാമിലി പെൻഷനും ഇൻവാലിഡ് പെൻഷനും അനുവദിച്ചു.

9. പാർട്ട്ടൈം ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് പദ്ധതി ആവിഷ്ക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. ക്ലാസ് 4 ജീവനക്കാർക്ക് മുപ്പതു വർഷത്തെ സർവ്വീസിന് നാലാമതൊരു ഗ്രേഡ് അനുവദിച്ചു നൽകി.

11. ക്ലാസ് 4 ജീവനക്കാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിന് 25,000 രൂപവരെ വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

12. പെൻഷൻ ലഭിക്കുന്നതിനുവേണ്ട മിനിമം സർവ്വീസില്ലാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ് ഗ്രേഷ്യാ പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി.

13. ഫാമിലി പെൻഷൻ ആനുകൂല്യം ജീവനക്കാരുടെ അവിവാഹിതകളായ പെൺമക്കൾക്ക് ആജീവനാന്തം അനുവദിച്ചു.

14. ഡി.സി.ആർ.ജി.-യുടെ പരിധി 2.80 ലക്ഷം രൂപയാക്കി ഉയർത്തി.

15. സറണ്ടർ ചെയ്യാവുന്ന ആർജ്ജിതാവധിയുടെ എണ്ണം 15-ൽ നിന്നും 20 ആയി ഉയർത്തി.

16. ടെർമിനൽ സറണ്ടറിന്റെ പരിധി 240-ൽ നിന്നും 300 ആക്കി വർദ്ധിപ്പിച്ചു.

ഈ ആനുകൂല്യങ്ങൾ 1997 മാർച്ച് ഒന്നാം തീയതി മുതൽ പ്രാബല്യം നൽകി നടപ്പിലാക്കിയ ശമ്പള പരിഷ്കരണം വഴി വേതനത്തിലും ബന്ധപ്പെട്ട ആനുകൂല്യങ്ങളിലും നൽകിയ വർദ്ധനവിനും സേവന പരിഷ്കരണങ്ങൾക്കും കാലാകാലങ്ങളിൽ അനുവദിച്ച ക്ഷാമബത്തകൾക്കും പുറമേയുള്ളവയാണ്.

(ബി) 1200 കോടിയിലധികം രൂപ 1997-ലെ ശമ്പള പരിഷ്കരണത്തിനു വേണ്ടി ചെലവായിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) മറുപടി മുകളിൽ (എ) വിഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട്.

റീജിയണൽ ക്യാൻസർ സെന്ററിന്റെ പരസ്യങ്ങൾ

7 (940) ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റീജിയണൽ ക്യാൻസർ സെന്റർ എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഓരോ വർഷവും എന്തു തുകയ്ക്കു പരസ്യങ്ങൾ നൽകി;

(സി) ഈ കാലയളവിൽ ഏതെല്ലാം പത്രമാദ്ധ്യമങ്ങൾക്ക് റീജിയണൽ ക്യാൻസർ സെന്ററിൽനിന്നും എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകി;

LIBRARY ARCHIVES Kerala Legislative Assembly